## രണ്ട് ഭർത്താക്കന്മാർ

**I. ക്രിസ്തു പുതിയ ഭർത്താവാണ്—റോമർ 7:2-6**

- വീണ്ടുംജനിച്ചവരെന്ന നിലയിൽ, വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും ക്രിസ്തു തങ്ങളുടെ ഭർത്താവായി ഉണ്ടായിരിക്കുകയും അവർ അവന്റെ ഭാര്യയുടെ ഭാഗമായിരിക്കുകയും ചെയ്യുന്നു

  റോമ. 7:2 വിവാഹം കഴിച്ച സ്ത്രീ അവളുടെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ ന്യായപ്രമാണത്താൽ അവനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു; എന്നാൽ ഭർത്താവ് മരിച്ചാൽ, അവൾ ഭർത്താവിനെ സംബന്ധിച്ച ന്യായപ്രമാണത്തിൽനിന്ന് മോചിക്കപ്പെടുന്നു.

  റോമ. 7:3 അതുകൊണ്ട് ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ, അവൾ വേറൊരു പുരുഷനോട് ചേരുന്നുവെങ്കിൽ, അവൾ വ്യഭിചാരിണി എന്ന് വിളിക്കപ്പെടും; എന്നാൽ ഭർത്താവ് മരിക്കുന്നുവെങ്കിൽ, അവൾ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രയാകുന്നു, അങ്ങനെ അവൾ മറ്റൊരു പുരുഷനോട് ചേർന്നാൽപ്പോലും, വ്യഭിചാരിണിയല്ല.

  റോമ. 7:4 ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്, നിങ്ങൾ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവനായ മറ്റൊരുവനോട് ചേരുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിലൂടെ നിങ്ങളെ ന്യായപ്രമാണത്തിന് മരിപ്പിച്ചിരിക്കുന്നു.
- എല്ലാ യഥാർഥ ക്രിസ്ത്യാനികൾക്കും ക്രിസ്തു തങ്ങളുടെ ഭർത്താവായിട്ടുണ്ട്, എങ്കിലും പലരും അവനെ ഭർത്താവായി അറിയുന്നില്ല.

**II. നമ്മുടെ പഴയ മനുഷ്യൻ, പഴയ ഭർത്താവ്, ക്രൂശിക്കപ്പെട്ടിരിക്കുന്നു**

- 2 മുതൽ 4 വരെയുള്ള വാക്യങ്ങൾ രണ്ടു ഭർത്താക്കന്മാരെ കാണിക്കുന്നു
  - ഒന്നാമത്തെ ഭർത്താവായ പഴയ ഭർത്താവ്, 6:6-ൽ പരാമർശിച്ചിരിക്കുന്ന പഴയ മനുഷ്യനാണ്, അവൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.
  - 7:2-4-ൽ പരാമർശിച്ചിരിക്കുന്ന രണ്ടാമത്തെ ഭർത്താവായ പുതിയ ഭർത്താവ് ക്രിസ്തുവാണ്.
- നമ്മുടെ പഴയ മനുഷ്യനായ പഴയ ഭർത്താവ് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടതിനാൽ, നാം അവന്റെ പ്രമാണത്തിൽനിന്ന് സ്വതന്ത്രരാകുകയും, എന്നേക്കും ജീവിക്കുന്നവനായ ക്രിസ്തു എന്ന പുതിയ ഭർത്താവിനോട് ചേരുകയും ചെയ്തു
- വിശ്വാസികൾ എന്ന നിലയിൽ നമുക്ക് രണ്ടു പദവികളുണ്ട്:
  - ഒന്നാമത്തേത്, ദൈവത്തെ ആശ്രയിക്കുന്ന ഭാര്യയുടെ ആരംഭസ്ഥാനം ഉപേക്ഷിച്ച്, ദൈവത്തിൽനിന്ന് സ്വതന്ത്രനായി, ഭർത്താവിന്റെയും തലയുടെയും സ്വയ-നിയുക്ത സ്ഥാനം എടുത്ത, വീണുപോയ പഴയ മനുഷ്യൻ എന്ന നമ്മുടെ പഴയ പദവിയാണ്.
  - രണ്ടാമത്തേത്, ദൈവത്തിൽ ആശ്രയിച്ചും അവനെ നമ്മുടെ തലയായി എടുത്തുംകൊണ്ട് ദൈവത്തിന് യഥാർഥ ഭാര്യ എന്ന നിലയിൽ നമ്മുടെ ആരംഭ, യഥാർഥ സ്ഥാനത്തേക്ക് പുനഃസ്ഥാപിക്കപ്പെട്ട വീണ്ടുംജനിച്ച പുതിയ മനുഷ്യൻ എന്ന നമ്മുടെ പുതിയ പദവിയാണ്
  - നാം ക്രൂശിക്കപ്പെട്ടതിനാൽ, പഴയ ഭർത്താവെന്ന പദവി ഇനിമേൽ നമുക്കില്ല..

## പുതിയ ഭർത്താവിനോടു പറ്റിച്ചേർന്നു

**III. മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ മറ്റൊരു ഭർത്താവായ ക്രിസ്തുവിനെ വിവാഹം കഴിക്കേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിന്റെ ശരീരത്തിലൂടെ ന്യായപ്രമാണത്തിന് ക്രൂശിക്കപ്പെട്ടിരിക്കുന്നു—റോമർ 7:4**

- ഈ പറ്റിച്ചേരൽ സൂചിപ്പിക്കുന്നത്, ഒരു ഭാര്യ എന്ന നിലയിലുള്ള നമ്മുടെ പുതിയ പദവിയിൽ, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വ്യക്തിയിലും, നാമത്തിലും, ജീവനിലും, അസ്തിത്വത്തിലും അവനുമായി നമുക്ക് ഒരു ജൈവിക ഐക്യം ഉണ്ടെന്നാണ്; ഇപ്പോൾ നമ്മുടെ പുതിയ ഭർത്താവായ ക്രിസ്തുവിനോട് നാം വിവാഹിതരായിരിക്കുന്നു
- ക്രിസ്തു നമ്മുടെ ഭർത്താവായതിനാൽ, നാം അവനിൽ ആശ്രയിക്കുകയും അവനെ നമ്മുടെ തലയായി എടുക്കുകയും വേണം
- ക്രിസ്തു നമ്മുടെ തല മാത്രമല്ല—അവൻ നമ്മുടെ വ്യക്തിയും ജീവനും കൂടിയാണ്

## ഒരു ഭാര്യ എന്ന നിലയിൽ മൂന്ന് വശങ്ങൾ

**IV. ഒരു ഭാര്യ എന്ന നിലയിൽ, നാം ദൈവത്തിന് ഫലം കായ്ക്കുന്നു—റോമ. 7:4**

- നാം പുനരുത്ഥാനത്തിലായിരിക്കുകയും ദൈവത്തിന് ജീവിക്കുകയും ചെയ്യുമ്പോൾ, നാം ദൈവത്തിന് ഫലം കായ്ക്കുന്നു. നാം ചെയ്യുന്നതെല്ലാം ഇപ്പോൾ ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു.
- ദൈവത്തിന് ഫലം കായ്ക്കുക എന്ന പ്രയോഗത്തിന്റെ അർഥം ദൈവം ഫലമായി പുറപ്പെടുവിക്കപ്പെടുന്നു എന്നാണ്. അങ്ങനെ, നാം ആയിരിക്കുന്നതും ചെയ്യുന്നതുമെല്ലാം ജീവനുള്ള ദൈവമായിരിക്കണം.

**V. നമ്മെ പിടിച്ചുവച്ചിരുന്ന ന്യായപ്രമാണത്തിന് നാം മരിച്ചിരിക്കുന്നു, അങ്ങനെ നാം അതിൽനിന്ന് മുക്തരായിരിക്കുന്നു; ഭാര്യയും പുതിയ മനുഷ്യനും എന്ന നിലയിൽ നാം ഇനിമേൽ ന്യായപ്രമാണത്തിൻ കീഴിലല്ല—വാ. 6**

- ന്യായപ്രമാണം ദൈവത്തെ ചിത്രീകരിക്കുകയും നിർവചിക്കുകയും ചെയ്യുന്നു
- അത് പാപങ്ങളെ തിരിച്ചറിയുകയും പാപത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്ക് മനുഷ്യനെ നയിക്കുകയും ചെയ്യുന്നു
- ഈ വിധത്തിൽ മനുഷ്യൻ ന്യായപ്രമാണത്താൽ തുറന്നുകാട്ടപ്പെടുകയും കീഴ്പ്പെടുത്തപ്പെടുകയും ചെയ്യുന്നു

**VI. ഭാര്യയെന്ന നിലയിൽ, നാം അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിലാണ് കർത്താവിനെ സേവിക്കേണ്ടത്**

- 6:4-ൽ നമ്മുടെ ജീവിതത്തിനായുള്ള ജീവന്റെ പുതുക്കവും, 7:6-ൽ നമ്മുടെ സേവനത്തിനായുള്ള ആത്മാവിന്റെ പുതുക്കവും നമുക്കുണ്ട്. [അവ രണ്ടും] ആത്മാവിനോട് ബന്ധപ്പെട്ടിരിക്കുന്നു
- പുതുമനുഷ്യനെന്ന നിലയിൽ, നാം പഴയ മനുഷ്യന്റെ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെട്ടുവെന്നും, നാം ദൈവത്തിന് ഫലം കായ്ക്കുകയും ആത്മാവിന്റെ പുതുക്കത്തിൽ കർത്താവിനെ സേവിക്കുകയും ചെയ്യേണ്ടതിന്, നമ്മുടെ പുതിയ ഭർത്താവായ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ വിവാഹം കഴിച്ചുവെന്നും നാം തിരിച്ചറിയേണ്ടതുണ്ട്

| രണ്ട് ഭർത്താക്കന്മാർ | |
|---|---|
| **A. മനുഷ്യന്റെ പ്രാരംഭത്തിലെ സ്ഥാനം** | പൂർണ്ണമായും ദൈവത്തെ ആശ്രയിക്കുകയും, അവനെ തന്റെ തലയായും ജീവന്റെ ഉറവിടമായും കൈക്കൊള്ളുകയും ചെയ്യേണ്ടതിനായ് ഒരു "ഭാര്യയുടെ സ്ഥാനത്ത്" ആയിരിക്കുവാൻ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. |
| **B. വീണുപോയ മനുഷ്യന്റെ സ്വയം-അവരോധിത സ്ഥാനം / പഴയ മനുഷ്യൻ** | വീണുപോയ മനുഷ്യൻ സ്വതന്ത്രനായിത്തീർന്നുകൊണ്ട് "ഭർത്താവിന്റെ സ്ഥാനം" അപഹരിച്ചു. വീഴ്ചയിൽ, മനുഷ്യൻ ഭാര്യയെന്ന നിലയിലുള്ള തന്റെ ദൈവത്താൽ നിയമിക്കപ്പെട്ട സ്ഥാനം ഉപേക്ഷിച്ചു. അവൻ സ്വതന്ത്രനാകുകയും, തന്നെത്താൻ തലയാക്കിക്കൊണ്ട് ഭർത്താവിന്റെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. സ്വയത്തിൽ കേന്ദ്രീകരിക്കപ്പെട്ട, ദൈവത്തിൽ നിന്ന് സ്വാതന്ത്രമായി ജീവിക്കുന്ന "പഴയ മനുഷ്യൻ". |
| **C. ഭർത്താവിനെ (പഴയ മനുഷ്യനെ) സംബന്ധിച്ച ന്യായപ്രമാണം** | വീണുപോയ മനുഷ്യൻ ഭർത്താവാകുവാൻ ആഗ്രഹിച്ചതിനാൽ, ദൈവം അവന് ന്യായപ്രമാണം നൽകി. ന്യായപ്രമാണം ഭാര്യയെ ഉദ്ദേശിച്ചുള്ളതല്ല, ഭർത്താവിനെ ഉദ്ദേശിച്ചുള്ളതാണ്. ന്യായപ്രമാണം നമുക്ക് പാപത്തെക്കുറിച്ചുള്ള വ്യക്തമായ അറിവ് നൽകുന്നു (റോമ 3:20). ഇപ്പോൾ മനുഷ്യന് തന്റെ പാപകരമായ പ്രവൃത്തികൾക്ക് ഒരു ഒഴികഴിവുമില്ല. ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം മനുഷ്യന്റെ പാപം "പെരുകുകയും" (റോമ 5:20) അങ്ങനെ, ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിവില്ലാത്ത ഒരു പാപിയായ പരാജിതനായ “പഴയ മനുഷ്യനെ” പൂർണ്ണമായും തുറന്നുകാട്ടുകയും ചെയ്യുക എന്നതായിരുന്നു. |
| **D. വീണ്ടുംജനിപ്പിക്കപ്പെട്ട മനുഷ്യന്റെ സ്ഥാനം—ഒരു യഥാർത്ഥ ഭാര്യയുടെ സ്ഥാനത്തേക്ക് പ്രാരംഭത്തിലെ ശരിയായ സ്ഥാനത്തേക്ക് പുനഃസ്ഥാപിക്കപ്പെടുന്നു / പ്രശ്നത്തിനുള്ള പരിഹാരം** | |
| **1. പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു / ഒന്നാമത്തെ ഭർത്താവ് മരിച്ചു** | നമ്മുടെ ആദ്യത്തെ ഭർത്താവായ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു (റോമ 6:6, ഗലാ 2:19-20). ഭാര്യയെ സ്വതന്ത്രയാക്കുന്ന മരണം ഇതാണ്. ഒരു വിശ്വാസിക്ക് രണ്ട് പദവികളുണ്ട്—പഴയ മനുഷ്യന്റെ പദവിയും, വീണ്ടുംജനിപ്പിക്കപ്പെട്ട പുതുമനുഷ്യന്റെ പദവിയും. പഴയ മനുഷ്യൻ എന്ന നിലയിൽ നാം ഭർത്താവായിരുന്നു; പുതുമനുഷ്യൻ എന്ന നിലയിൽ നാം ഭാര്യയാണ്. പഴയ മനുഷ്യൻ (ആദ്യത്തെ ഭർത്താവ്) എന്ന നിലയിൽ നാം മരിച്ചവരാണ്; പുതുമനുഷ്യൻ എന്ന നിലയിൽ നാം ജീവനുള്ളവരും ഭാര്യയായിരിക്കുവാൻ കഴിവുള്ളവരുമാണ്. റോമ 7:4-ൽ പൗലൊസ് ഒരു അടക്കവും ഒരു വിവാഹവും ഒന്നിച്ചു ചേർക്കുന്നു. ഒരു വശത്ത്, നാം അടക്കപ്പെട്ടു; മറുവശത്ത്, നാം വിവാഹിതരായി, മറ്റൊരാളോട് ചേർക്കപ്പെട്ടു. പഴയ ഭർത്താവ് എന്ന നിലയിൽ നാം മരിച്ചവരായിരുന്നു, എന്നാൽ ഇപ്പോൾ ഭാര്യ എന്ന നിലയിൽ ജീവിക്കുന്നു. |
| **2. പഴയ മനുഷ്യനെ സംബന്ധിച്ച ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രമാക്കപ്പെട്ടു** | ഭർത്താവ് മരിക്കുമ്പോൾ, ഭാര്യ സ്വതന്ത്രയാകുന്നു. നമ്മുടെ പഴയ ഭർത്താവ് നമ്മുടെ പഴയ മനുഷ്യനായിരുന്നു. ഇപ്പോൾ നാം വീണ്ടുംജനിപ്പിക്കപ്പെട്ട പുതുമനുഷ്യനാണ്. ന്യായപ്രമാണം പഴയ ഭർത്താവിനാണ് നൽകപ്പെട്ടത് എന്നതിനാലും, അവൻ ക്രൂശിൽ മരിച്ചു എന്നതിനാലും, നാം അവന്റെ ന്യായപ്രമാണത്തിൽ നിന്ന് വിടുവിക്കപ്പെട്ടിരിക്കുന്നു. ഇതുകൊണ്ടാണ് നാം ഇനിമേൽ ന്യായപ്രമാണത്തിൻ കീഴിലല്ലാത്തത്. |
| **3. പുതിയ ഭർത്താവായ ക്രിസ്തുവിനോട് ചേർക്കപ്പെട്ടു / പുതിയ വിവാഹം** | നമ്മുടെ മരിച്ച ഒന്നാമത്തെ ഭർത്താവിൽ നിന്ന് നാം സ്വതന്ത്രരാക്കപ്പെടുന്നത്, നമ്മുടെ പുതിയതും ശരിയായതുമായ ഭർത്താവായ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനോട് നിയമപരമായും ആത്മികമായും ചേരുവാൻ നമ്മെ അനുവദിക്കുന്നു. |
| **4. ക്രിസ്തുവിനെ തലയായി എടുക്കുന്നത് / ശരിയായ സ്ഥാനത്തേക്ക്, ഭാര്യയായി പുനഃസ്ഥാപിക്കപ്പെടുന്നത്** | ഈ പുതിയ വിവാഹത്തിൽ, ക്രിസ്തുവിനെ നമ്മുടെ ഭർത്താവായും, നമ്മുടെ തലയായും, നമ്മുടെ വ്യക്തിയായും, നമ്മുടെ ജീവനായും കൈകൊണ്ടുകൊണ്ട്, ഒരു യഥാർത്ഥ "ഭാര്യയുടെ സ്ഥാനത്തേക്ക്" നാം പുനഃസ്ഥാപിക്കപ്പെടുന്നു. നാം അവസാനിപ്പിക്കപ്പെടുകയും ആരുമല്ലാതായിത്തീരുകയും ചെയ്തിരിക്കുന്നു. ക്രിസ്തു നമ്മിൽ ജീവിക്കുകയും നമുക്കുവേണ്ടി ജീവിക്കുകയും ചെയ്യുന്നു. അങ്ങനെ നാം സ്വയ-പ്രയത്നത്താലല്ല, ക്രിസ്തുവിനെ ആശ്രയിച്ചുള്ള ഒരു ജീവിതം നയിക്കുന്നു. ഭാര്യ രണ്ട് കാര്യങ്ങൾ ചെയ്യുന്നു—ദൈവത്തിന് ഫലം കായ്ക്കുന്നു, ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുന്നു. |
| **5. ദൈവത്തിന് ഫലം കായ്ക്കുന്നത് / പുതിയ ഫലം** | പഴയ മനുഷ്യനുമായുള്ള നമ്മുടെ ആദ്യത്തെ വിവാഹത്തിന്റെ ഫലം മരണത്തിന് കായ്ച്ച ഫലമായിരുന്നു. ക്രിസ്തുവുമായുള്ള നമ്മുടെ പുതിയ വിവാഹത്തിന്റെ ഫലം "ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്" (റോമ 7:4) ആണ്, അതായത് നമ്മുടെ ഉള്ളിൽ നിന്നുള്ള ദൈവത്തിന്റെ തന്നെ കവിഞ്ഞൊഴുക്കും ആവിഷ്കാരവുമാണ് അത്. |
| **6. ആത്മാവിന്റെ പുതുക്കത്തിൽ കർത്താവിനെ സേവിക്കുന്നത് / പുതിയ സേവനം** | നമ്മുടെ സേവനം ഇനിമേൽ "അക്ഷരത്തിന്റെ പഴക്കത്തിൽ" (ന്യായപ്രമാണത്തിന്റെ ബാഹ്യമായ നിയമങ്ങൾ അനുസരിക്കുവാൻ ശ്രമിക്കുന്നത്) അല്ല. പകരം, നാം ഇപ്പോൾ "ആത്മാവിന്റെ പുതുക്കത്തിൽ" (ജീവൻ-നൽകുന്ന ആത്മാവായ ക്രിസ്തു ഉൾവസിക്കുന്ന നമ്മുടെ വീണ്ടുംജനിപ്പിക്കപ്പെട്ട ആത്മാവിൽ നിന്ന്) സേവിക്കുന്നു. നമ്മുടെ ഓർമയിൽ നിന്നോ അറിവിൽ നിന്നോ അല്ല, മറിച്ച് നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതിലൂടെ, ജീവനുള്ളതും, പുതുമയുള്ളതും, പുതിയതുമായ നിലയിൽ ദൈവത്തെ സേവിക്കുവാൻ നമുക്ക് കഴിയും. |